## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 178 — 17-06-13 ൽ മറുപടിക്ക്

### മദ്യഷാപ്പുകൾക്ക് അനുമതി നല്കുന്നതിനുള്ള അധികാരം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ.എം. ഷാജി<br>,, കെ. മുഹമ്മദുണ്ണി ഹാജി<br>,, കെ.എൻ.എ. ഖാദർ<br>,, എം. ഉമ്മർ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യഷാപ്പുകൾക്ക് അനുമതി നല്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കിക്കൊണ്ടുള്ള നിയമഭേദഗതിക്കുശേഷം സ്ഥിതിഗതികളിൽ ഉണ്ടായ മാറ്റത്തെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കുമോ; | (എ) ഉണ്ട്. ബോധവൽക്കരണത്തിലൂന്നി, ഘട്ടംഘട്ടമായി മദ്യവർജ്ജനം കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മദ്യനയം പ്രഖ്യാപിക്കുന്നത്. അബ്കാരി നിയമത്തിലെ വ്യവസ്ഥകളനുസരിച്ച്, മദ്യഷാപ്പുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായിരുന്നു. എന്നാൽ, മദ്യവർജ്ജനസമിതിയുടെയും, ബഹുജന സംഘടനകളുടെയും നിരന്തരമായ ആവശ്യം പരിഗണിച്ച്, മദ്യശാലകൾക്ക് ലൈസൻസ് അനുവദിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് ആക്ടിലെ 232-ാം വകുപ്പിലെ റദ്ദാക്കപ്പെട്ട 2 മുതൽ 6 വരെ ഉപവകുപ്പുകൾ പുന:സ്ഥാപിച്ചു കൊണ്ട്, കേരള പഞ്ചായത്ത് രാജ് ആക്ട് ഭേദഗതി ചെയ്തുകൊണ്ടും (2012-ലെ 63-ാം നമ്പർ ഓർഡിനൻസ്), കേരള മുനിസിപ്പാലിറ്റീസ് ആക്ടിലെ സെക്ഷൻ 447- ലെ 7 മുതൽ 10 വരെയുള്ള ഉപവകുപ്പുകൾ പുന:സ്ഥാപിച്ചുകൊണ്ട്, കേരള മുനിസിപ്പാലിറ്റീസ് ആക്ട് ഭേദഗതി ചെയ്തുകൊണ്ടും (2012-ലെ 64-ാം നമ്പർ ഓർഡിനൻസ്), തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിരാക്ഷേപ പത്രം ലഭ്യമാക്കിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന്, അധികാരം നല്കിയിട്ടുണ്ട്. ടി ഉത്തരവുകൾക്കു ശേഷം, ബഹു. സുപ്രീം കോടതിയുടെ ഉത്തരവനുസരിച്ച് 14 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നല്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. ഇതിൽ 11 ഹോട്ടലുകൾക്ക് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നല്കുകയും, ബാക്കി 3 ഹോട്ടലുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതുവരെ അനുമതി നൽകിയിട്ടില്ലാത്തതിനാൽ അവയ്ക്ക് ബാർ ലൈസൻസ് അനുവദിച്ചിട്ടില്ല.<br>നിയമ ഭേദഗതി വരുത്തിയതിനുശേഷം, മദ്യശാലകൾ അനുവദിക്കുന്നതിൽ, പ്രാദേശിക തലത്തിൽ പൊതുജനാഭിപ്രായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനത്തെ സ്വാധീനിക്കുന്നതായി വിലയിരുത്തിയിട്ടുണ്ട്. |

(മറുപുറം)

| | |
|---|---|
| (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ അധികാരം നല്കുമ്പോഴുണ്ടായിരുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തി കുറയ്ക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി, പുതിയ മദ്യഷാപ്പുകൾ അനുവദിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തുകയും, പുതിയ മദ്യ/കള്ളുഷാപ്പുകൾ തുടങ്ങുമ്പോൾ തദ്ദേശവാസികളുടെ വികാരങ്ങൾ കൂടി മനസ്സിലാക്കി തീരുമാനമെടുക്കുക എന്ന ഉദ്ദേശവും ഇതിൽ ഉണ്ട്. |
| (സി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്ന കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശുഷ്കാന്തി കാണിക്കുന്നില്ലെന്നും അധികാരം ദുരുപയോഗം ചെയ്യുന്നു എന്നുമുള്ള ആവലാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് അനന്തരനടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (സി) സർക്കാർ ഉദ്ദേശിച്ച ഫലം കണ്ടില്ല. |

സെക്ഷൻ ഓഫീസർ